LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ വിവിധ ട്രേഡുകളിൽ അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പുവരുത്തി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശീലനം നൽകുകയാണ് ഉദ്ദേശ്യം.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വസ്ത്രവ്യാപാര രംഗത്തെ സ്ത്രീ തൊഴിലാളികൾ

278(2747) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന വസ്ത്രവ്യാപാര രംഗത്ത് തൊഴിലിടങ്ങളിൽ അവരുടെ ക്ഷേമത്തിനുവേണ്ടി തൊഴിലുടമകൾ ഉറപ്പുവരുത്തേണ്ട നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജോലി സമയവും അവധി ദിനങ്ങളെ സംബന്ധിച്ചും നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) അധിക ജോലിക്ക് നൽകേണ്ട വേതനം, വിശ്രമസമയം എന്നിവ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വസ്ത്രവ്യാപാര രംഗത്തെ തൊഴിലാളികൾക്ക് 1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, 1948-ലെ മിനിമം വേതന നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ&ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമം തുടങ്ങിയവ പ്രകാരം ജോലി സമയം, അധിക സമയ ജോലിക്കുള്ള അർഹമായ ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയം, വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, മൂത്രമൊഴിക്കുവാനുള്ള സൗകര്യങ്ങളോടുകൂടിയ ശിശുപരിപാലന കേന്ദ്രങ്ങൾ, ആഴ്ച അവധി, സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ എന്നിവ തൊഴിലുടമകൾ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, 1961-ലെ maternity benefit നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും സ്ത്രീ തൊഴിലാളികൾക്ക് തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്.

(ബി) 1960-ലെ കേരള ഷോപ്പ്&കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, വകുപ്പ് 6 പ്രകാരം ഈ മേഖലയിലെ തൊഴിലാളികളുടെ ജോലി സമയം ഒരു ദിവസത്തിൽ 8 മണിക്കൂറും, ഒരാഴ്ചയിൽ 48 മണിക്കൂറും ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് എടുക്കുകയോ കണക്കുകൾ തയ്യാറാക്കുകയോ ചെയ്യുന്ന ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ ഓവർടൈം ഉൾപ്പെടെ ജോലി സമയം 10 മണിക്കൂറിൽ കൂടുതൽ ആകരുത്. മാത്രവുമല്ല, ഓവർടൈം ജോലി ചെയ്യുന്ന ദിവസങ്ങളുടെ എണ്ണം ഓരോ ത്രൈമാസത്തിലും 50-ൽ കവിയരുതെന്നും വകുപ്പ് 9 പ്രകാരം ഒരു സ്ഥാപനത്തിലെ തൊഴിലാളിയുടെ ജോലി സമയം, വിശ്രമ സമയം ഉൾപ്പെടെ 10½ മണിക്കൂറിൽ കവിയരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി മേഖലയിലെ തൊഴിലാളികൾക്ക് വകുപ്പ് 11(2) പ്രകാരം ആഴ്ചയിൽ ഒരു ദിവസം അവധിക്കും 13(1) പ്രകാരം ഒരു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് 12 ദിവസത്തെ ആർജ്ജിത അവധിക്കും 13(2) പ്രകാരം തുടർച്ചയായി ഒരു വർഷം സർവ്വീസ് ഉള്ളവർക്ക് 12 ദിവസത്തെ ചികിത്സാ അവധിക്കും 12 ദിവസത്തെ ആകസ്മിക അവധിക്കും വകുപ്പ് 13(എ) പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് സ്ത്രീ തൊഴിലാളികൾക്ക് 14 ദിവസവും പുരുഷ തൊഴിലാളികൾക്ക് 6 ദിവസവും വേതനത്തോടുകൂടിയ അവധിക്കും അർഹതയുണ്ട്. കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ&ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് പ്രകാരം വർഷത്തിൽ 4 ദേശീയ അവധി ദിനങ്ങൾ ഉൾപ്പെടെ 13 അവധി ദിനങ്ങൾക്കും അർഹതയുണ്ട്.

(സി) ദിവസത്തിൽ 8 മണിക്കൂറിൽ കൂടുതലോ ആഴ്ചയിൽ 48 മണിക്കൂറിൽ കൂടുതലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതന നിയമം വകുപ്പ് 14 പ്രകാരം അധിക വേതനം വ്യവസ്ഥ ചെയ്യുന്നുണ്ട്. 16-9-2015 തീയതിയിലെ ജി.ഒ.(പി) നമ്പർ 134/2015/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമുള്ള കടകളും വാണിജ്യ സ്ഥാപനങ്ങളും ഭേദഗതി ചട്ടത്തിലെ ചട്ടം 5 (എ) പ്രകാരം, ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യവും തൊഴിലുടമ സജ്ജീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ചട്ട പ്രകാരം ഓരോ ഇടത്തരം/വലിയ സ്ഥാപനത്തിലും സ്ഥാപനത്തോടു ചേർന്ന് തൊഴിലാളികൾക്ക് വിശ്രമ മുറികൾ തൊഴിലുടമ പ്രദാനം ചെയ്യേണ്ടതാണ്. കൂടാതെ ആവശ്യമായ വായു സഞ്ചാരവും ശുദ്ധവായുവും വെളിച്ചവും ലഭിക്കുന്ന ഇത്തരം വിശ്രമ മുറികളിൽ കുടിവെള്ളം, തൊഴിലാളികൾക്ക് ഭക്ഷണം കഴിക്കുന്നതിനാവശ്യമായ മേശ, കസേര എന്നിവ തൊഴിലുടമ സജ്ജീകരിക്കേണ്ടതും അഞ്ചിൽ കൂടുതൽ സ്ത്രീ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകമായ വിശ്രമ മുറിയും ഇത്തരം മുറികളിൽ വ്യക്തി ശുചിത്വം പാലിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങളും തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഓരോ വിശ്രമ മുറിയിലും 20 തൊഴിലാളികൾക്ക് ഒന്ന് എന്ന നിലയിൽ സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് പ്രത്യേകമായി ശുചിത്വമുള്ള ശൗചാലയങ്ങളും സജ്ജീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

GPM. 2/242/2020-49

LIBRARY ARCHIVES Kerala Legislative Assembly